# O.S.S.A.E.

## വാർഷിക പരീക്ഷ 2017

Class VII 03-12-2017, Sunday 11 AM to 1 PM Marks 50

**പേരെഴുതുക (1–5)** 5

1. അഹറോന്യ പാരമ്പര്യത്തിൽനിന്നല്ലാതെ യിസ്രയേലിന്റെ പൗരോഹിത്യത്തിൽ വന്ന ആദ്യപുരോഹിതൻ ആര്?
2. ദാവീദുരാജാവിന്റെ പുത്രൻ അബ്ശാലോമിന്റെ ഉപദ്രവം സഹിക്കേണ്ടിവന്ന ദാവീദിന്റെ സഹായി ആര്?
3. ദൈവത്താൽ നിയോഗിക്കപ്പെടുകയും ദൈവത്താൽ തള്ളപ്പെടുകയും ചെയ്ത യിസ്രായേൽ രാജാവാരായിരുന്നു?
4. പഴയനിയമത്തിൽ ധൂപപീഠം ഏതു മരംകൊണ്ടുണ്ടാക്കാനാണ് യഹോവ കല്പിച്ചിരിക്കുന്നത്.
5. ശലോമോനെ രാജാവായി അഭിഷേകം ചെയ്ത പുരോഹിതൻ ആര്?

**ബ്രാക്കറ്റിൽനിന്നു ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (6–10)** 5

6. നിസ്സായിലെ മാർ ഗ്രീഗോറിയോസ് ജനിച്ചത്.
   (A.D. 379, A.D. 355, A.D. 313)
7. ശലോമോനെ പരിലാളിച്ചു വളർത്തിയത്.
   (ബെത്ശേബാരാജ്ഞി, ദാവീദ്‌രാജാവ്, നാഥാൻ പ്രവാചകൻ)
8. യറുശലേമിൽനിന്നും 7 നാഴിക ദൂരെയുള്ള പട്ടണമാണ്.
   (യെറിഹോ, ബേത്‌ലഹേം, എമ്മാവൂസ്)
9. ധൂപക്കുറ്റിയുടെ ചങ്ങലകളിൽ
   (7 ചെറിയ മണികൾ ഉണ്ട്, 72 ചെറിയ മണികളുണ്ട്, 12 ചെറിയ മണികൾ ഉണ്ട്)
10. ഉത്ഥിതനായ കർത്താവ് ആദ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അവർക്കു പരിശുദ്ധാത്മാവിനെ നൽകുവാൻ
    (ശിഷ്യന്മാരുടെമേൽ കൈവെച്ചു, ശിഷ്യന്മാരുടെമേൽ ഊതി, ശിഷ്യന്മാരെ അനുഗ്രഹിച്ചു)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ, തെറ്റോ എന്ന് എഴുതുക (11–15)** 5

11. ശിഷ്യന്മാരിൽ ഏറ്റവും ചഞ്ചലഹൃദയൻ പത്രോസ് ആയിരുന്നു.
12. പൗരസ്ത്യ കാതോലിക്കാമാർ സ്വീകരിക്കുന്ന സ്ഥാനപ്പേരാണ് മാർ ഗ്രീഗോറിയോസ്.
13. ബോവൂസോ കുക്കിലിയോന്റെ അവസാന ഭാഗമാണ്.
14. മാർതോമ്മാക്രിസ്ത്യാനികളുടെ പൈതൃകം വിളിച്ചോതുന്ന ഒരു കലാരൂപമാണ് മാർഗംകളി.
15. ഭാരതീയ ദർശനത്തിൽ ജീവിതത്തെ നാലായി തിരിക്കുന്നതിൽ ആദ്യത്തേതാണ് ബ്രഹ്മചര്യം.

**താഴെ ചേർത്തിരിക്കുന്ന വാക്യം ആരു പറഞ്ഞു എന്നെഴുതുക (16–20)** 5

16. "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ."
17. "ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന് യാചിപ്പിൻ."
18. "യുദ്ധം ജയിച്ച് സമാധാനത്തോടെ എത്തിയാൽ എന്നെ എതിരേറ്റുവരുന്നതെന്തും യഹോവയ്ക്കുള്ളതായിരിക്കും."
19. "ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്യുവാൻ വിവേകമുള്ള ഒരു ഹൃദയം എനിക്കു തരേണമേ."
20. "നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ."

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21–25)** 5

21. മാർ അപ്രേം - തേനീച്ച
22. ദൈവമാതാവ് - ഗോണ്ടഫോറസ്
23. ദബോര - സ്വർഗ്ഗാരോഹണം
24. ഗാദ് - ശൂനോയോ
25. ഒലിവുമല - പരിശുദ്ധാത്മാവിന്റെ കിന്നരം

**ഒരു വാക്കിൽ/ഒരു വാക്യത്തിൽ ഉത്തരം എഴുതുക (26–30)** 5

26. മോശയ്ക്കും യോശുവയ്ക്കും ശേഷം ശൗൽ രാജാവിനു മുൻപ് യിസ്രയേൽ ജനത്തിനു ന്യായപാലനം ചെയ്കയും നേതൃത്വം കൊടുക്കുകയും ചെയ്തതാർ?
27. ശൗൽ രാജാവിനു നേരിടേണ്ടിവന്ന പ്രധാന വെല്ലുവിളി ഏത്?
28. ദാവീദിനെ ജനനേതാവാക്കിയ സംഭവമേത്?
29. 'മഹോന്നതന്റെ മറവിൽ ഇരിക്കുന്ന കർത്താവേ' എന്നു തുടങ്ങുന്ന പ്രാർത്ഥന ഏതു നമസ്കാരത്തിൽ ഉൾപ്പെടുന്നു.
30. കുമ്പിട്ടുള്ള ആരാധനകൊണ്ടുള്ള നേട്ടം എന്ത്?

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (31–35)** 10

31. പ്രൊമിയോൻ സെദറാപ്രാർത്ഥനകൾ വായിക്കുന്നതെപ്പോൾ?
32. കപ്പദോക്യൻ പിതാക്കന്മാർ ആരെല്ലാം?
33. കർത്താവിന്റെ ക്രൂശുമരണം ശിഷ്യന്മാരിൽ എന്തു വികാരം ഉളവാക്കി?
34. ശമുവേൽപ്രവാചകൻ യിസ്രയേൽജനത്തിന് ഏതെല്ലാം നിലകളിൽ സേവനം നൽകി?
35. പ്രകൃതിവസ്തുക്കളെ നാം സംരക്ഷിക്കണം. എന്തുകൊണ്ട്?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച്, അതിനു ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36–39)** 4

പരീക്ഷ സഹിക്കുന്ന മനുഷ്യൻ അനുഗൃഹീതൻ. അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. പരീക്ഷിക്കപ്പെടുമ്പോൾ 'ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു' എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാകുന്നു. താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. എന്റെ പ്രിയ സഹോദരന്മാരേ! വഞ്ചിക്കപ്പെടരുത്. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിൽനിന്ന് ഇറങ്ങിവരുന്നു.

36. 'പരീക്ഷ സഹീക്കുന്ന മനുഷ്യൻ അനുഗൃഹീതൻ' എന്തുകൊണ്ട്?
37. ഒരുവൻ പരീക്ഷിക്കപ്പെടുന്നതെപ്പോൾ?
38. 'ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു' എന്ന് ആരും പറയരുത്. കാരണമെന്ത്?
39. 'പ്രിയ സഹോദരന്മാരെ! നിങ്ങൾ വഞ്ചിക്കപ്പെടരുത്.' എന്ന് ഓർമ്മപ്പെടുത്തുന്നതെന്തുകൊണ്ട്?

**താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനയുടെ വിട്ടുപോയ ഭാഗം ചേർത്തു പ്രാർത്ഥന പൂർണ്ണക്കുക** 3

40. മഹത്വമുള്ള രാജാവായ ഞങ്ങളുടെ............................ രണ്ടു ലോകങ്ങളിലും കരുണ ചെയ്യേണമേ.

**താഴെപ്പറയുന്ന ഗീതങ്ങൾ പൂരിപ്പിക്കുക (41–43)** 3

41. പാവനനിബിമാരേ രാജ്യസുതശ്ലീഹന്മാരേ
 .........................................................................
 സ്മൃതിമാനിച്ചോനെങ്ങും ധന്യൻ താൻ

✧ ✧ ✧ ✧ ✧

## ഉത്തരസൂചിക

Class VII

Marks 50

| | | പാഠം | പേജ് |
|---|---|---|---|
| 1. | ശമുവേൽ | 2 | 17 |
| 2. | യോവാബ് | 4 | 30 |
| 3. | ശൗൽരാജാവ് | 3 | 22 |
| 4. | ഖദിരമരം | 19 | 109 |
| 5. | ശരി ഉത്തരം സാദോക് എന്നാണ്. എങ്കിലും പുസ്തകത്തിൽ അബ്യാഥാർ എന്നു കിടക്കുന്നതിനാൽ ആ ഉത്തരത്തിനും മാർക്ക് കൊടുക്കാം | 5 | 36 |
| 6. | A.D. 355 | 23 | 133 |
| 7. | നാഥാൻ പ്രവാചകൻ | 5 | 34 |
| 8. | എമ്മവുസ് | 7 | 45 |
| 9. | 12 ചെറിയ മണികൾ ഉണ്ട് | 19 | 111 |
| 10. | ശിഷ്യന്മാരുടെമേൽ ഊതി | 6 | 40 |
| 11. | ശരി | 9 | 52 |
| 12. | തെറ്റ് | 22 | 128 |
| 13. | ശരി | 14 | 84 |
| 14. | ശരി | 16 | 94 |
| 15. | ശരി | 21 | 121 |
| 16. | തോമാശ്ലീഹ. വി. യോഹ. 20:28 | | 48 |
| 17. | യേശു. വി. മത്തായി 9:38 | | 121 |
| 18. | യിപ്താഹ്. ന്യായാ. 11:31 | | 14 |
| 19. | ശലോമോൻ. 1 രാജാ. 3:9 | | 35 |
| 20. | യേശു. വി. മത്തായി 5:48 | | 72 |
| 21. | പരിശുദ്ധാത്മാവിന്റെ കിന്നരം | 11 | 69 |
| 22. | ശൂനോയോ | 20 | 118 |
| 23. | തേനീച്ച | 1 | 13 |
| 24. | ഗോണ്ടഫോറസ് | 17 | 97 |
| 25. | സ്വർഗ്ഗാരോഹണം | 10 | 57 |
| 26. | ന്യായാധിപന്മാർ | 1 | 11 |
| 27. | ഫെലിസ്ത്യരിൽനിന്നുള്ള വെല്ലുവിളി | 3 | 24 |

| | | പാഠം | പേജ് |
|---|---|---|---|
| 28. | ഗോല്യാത്തിനെ തോല്പിച്ചത് | 4 | 29 |
| 29. | സൂത്താറാ നമസ്കാരം | 13 | 75 |
| 30. | ശരീരത്തിനും മനസ്സിനും ആത്മാവിനും സമ്പൂർണ ആരോഗ്യം | 24 | 140 |
| 31. | യാമപ്രാർത്ഥനകളുടെയും വി. കൂദാശകളുടെയും വി. കുർബാനയുടെയും മദ്ധ്യേ പ്രൊമിയോൻ സെദറകൾ വായിക്കുന്നു | 18 | 101 |
| 32. | വലിയ മാർ ബസേലിയോസ്, നിസ്സായിലെ മാർ ഗ്രീഗോറിയോസ്, നാസ്സിയാൻസിലെ മാർ ഗ്രീഗോറിയോസ് | 22 | 128 |
| 33. | ശിഷ്യന്മാരിൽ ഭയവും സുരക്ഷിതത്വമില്ലായ്മയും ഉളവാക്കി. | 6 | 40 |
| 34. | ദീർഘദർശിയും പ്രവാചകനും പുരോഹിതനുമായിരുന്നു | 2 | 19 |
| 35. | നമ്മുടെ ജീവനും നിലനില്പിനും സഹായകമാകുന്നതു പ്രകൃതിവസ്തുക്കളാകയാൽ നാം അതിനെ സംരക്ഷിക്കണം. | 25 | 145 |

36. (യാക്കോബ് 1:12-17). കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം ലഭിക്കും.
37. ഒരുവൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുമ്പോഴാണ്.
38. ദൈവം ആരെയും പരീക്ഷിക്കുന്നവൻ അല്ലായ്കയാൽ
39. നമുക്ക് ആവശ്യമുള്ള എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും വെളിച്ചങ്ങളുടെ പിതാവിൽനിന്ന് നമുക്ക് ലഭിക്കുമെന്നതിൽ
40. പാഠം 13, പേജ് 76
41. പാഠം 15, പേജ് 90

✧ ✧ ✧ ✧ ✧